2023
NOVEMBER
25
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പശ്ചിമേഷ്യയ്ക്കു മുകളിൽ പതിവായി സിഗ്നൽ നഷ്ടമാകുന്നു; വിമാനക്കമ്പനികൾക്ക് മുന്നറിയിപ്പ്

**ന്യൂഡൽഹി:** പശ്ചിമേഷ്യയ്ക്കു മുകളിൽ യാത്രാവിമാനങ്ങൾക്ക് പതിവായി സിഗ്നൽ നഷ്ടമാകുന്നതിൽ ആശങ്ക അറിയിച്ച് സിവിൽ വ്യോമയാന ഡയറക്റ്ററേറ്റ് (ഡിജിസിഎ). കൂടുതൽ ജാഗ്രതപാലിക്കണമെന്നു രാജ്യത്തെ വ്യോമയാനക്കമ്പനികൾക്ക് ഡിജിസിഎ മുന്നറിയിപ്പു നൽകി. സുരക്ഷാമുൻകരുതലിൻറെ ഭാഗമാണ് ഡിജിസിഎയുടെ ഇടപെടൽ.

പശ്ചിമേഷ്യയ്ക്കു മുകളിൽ വിമാനങ്ങളുടെ ഗതി നിയന്ത്രണത്തിനുള്ള ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റ (ജിഎൻഎസ്എസ്)ത്തിൻറെ പ്രവർത്തനം സ്തംഭിക്കുന്നതാണ് ആശങ്കയ്ക്ക് ഇടയാക്കുന്നത്. കഴിഞ്ഞ സെപ്റ്റംബംറിൽ വാണിജ്യ വിമാനങ്ങൾ ഇറാന് സമീപത്ത് എത്തിയതോടെ ജിപിഎസ് സിഗ്നൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിരുന്നു. ഒരു വിമാനം അനുമതിയില്ലാതെ ഇറാൻറെ വ്യോമാതിർത്തിയിൽ പ്രവേശിക്കുന്നതിനും ഇടയായി. സിഗ്നൽ നഷ്ടപ്പെടുന്നതിനു സ്പൂഫിങ് ആണോ എന്നും സംശയമുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിച്ചതോടെ പൈലറ്റുമാരുടെ സംഘടനയും, വിമാനക്കമ്പനികളും ആശങ്ക പ്രകടിപ്പിച്ച് രംഗത്തെത്തിയിരുന്നു.

പശ്ചിമേഷ്യയിൽ, പ്രത്യേകിച്ച് വടക്കൻ ഇറാഖിനും അസർബൈജാനിലെ ഇർബിലിനും ഇടയിലെത്തുമ്പോൾ വിമാനങ്ങൾക്ക് തുടക്കത്തിൽ ഒരു കൃത്രിമ ജിപിഎസ് സിഗ്നൽ ലഭിക്കും. ഈ സിഗ്നൽ സംവിധാനം വിമാനത്തിൻറെ ഇനേർഷ്യൽ റഫറൻസ് സിസ്റ്റത്തെ കബളിപ്പിക്കുകയും നാവിഗേഷൻ സംവിധാനത്തെ താറുമാറാക്കുകയും ചെയ്യുന്നുവെന്നാണ് റിപ്പോർട്ട്. ആരാണ് ഇതിന് പിന്നിലെന്ന കാര്യം ഇതുവരെ വ്യക്തമായിട്ടില്ല. സംഘർഷമേഖലയായ ഇവിടെ ഇലക്ട്രോണിക് സൈനിക സംവിധാനങ്ങൾ വിന്യസിച്ചിരിക്കുന്നതിനാൽ ജാമിങ്ങും സ്പൂഫിങ്ങും സംഭവിക്കാമെന്നാണ് കരുതുന്നത്.



## കൊല്ലത്ത് ഓഷ്യനേറിയവും മറൈൻ മ്യൂസിയവും: 10 കോടി അനുവദിച്ചു

**തിരുവനന്തപുരം:** സാഗര സൗന്ദര്യം അതിൻറെ ഉള്ളിലേക്കു കടന്നുപോയി ആസ്വദിക്കാൻ കഴിയുന്ന ഓഷ്യനേറിയം കൊല്ലത്ത് സജ്ജീകരിക്കാൻ 10 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന സർക്കാരിൻറെ അനുമതി. ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കൊല്ലത്തെ തീരദേശ മേഖലയുടെ സമ്പന്നമായ ചരിത്രം വെളിവാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

ഇതിനൊപ്പം മറൈൻ ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കും. തങ്കശേരിയ്ക്ക് സമീപം തിരുമുല്ലാവാരം തീരത്താണ് പദ്ധതി നടപ്പാക്കുക. സംസ്ഥാന തീരദേശ വികസന കോർപ്പറേഷനായിരിക്കും നിർവഹണ ചുമതല. പൗരാണിക വ്യാപാര കേന്ദ്രമാണ് കൊല്ലം. ചൈനീസ്, അറബ്, പോർച്ചുഗീസ്, ഡച്ച്, ബ്രിട്ടീഷ് വ്യാപാരികൾ കൊല്ലവുമായി കച്ചവട ബന്ധം സ്ഥാപിച്ചിരുന്നു. കൊല്ലത്തിൻറെ ഈ വ്യാപാര, വാണിജ്യ ചരിത്രവും വിശദീകരിക്കുന്നതായിരിക്കും മ്യൂസിയം.

പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായാണ് തുക അനുവദിച്ചത്. ഓഷ്യനേറിയവും മ്യൂസിയവും കൊല്ലത്തിൻറെ ടൂറിസം മുന്നേറ്റത്തിന് കൂടുതൽ കുതിപ്പേകുമെന്നും ധനമന്ത്രി പറഞ്ഞു.

# പതഞ്ജലിയും ഇന്ത്യൻ സൈന്യവും കൈകോർക്കുന്നു

## വിരമിച്ച സൈനികർക്ക് തൊഴിൽ ലഭ്യമാക്കാനും പദ്ധതി



**കൊച്ചി:** ഔഷധ സസ്യങ്ങളിലും ഐ ടി, ഐ ടി ഇതര സേവന മേഖലകളിലും ഗവേഷണം ശക്തമാക്കുന്നതിന് ആയുർവേദ, വെൽനസ് സേവനദാതാക്കളായ പതഞ്ജലിയും ഇന്ത്യൻ സൈന്യവുമായി ധാരണാപത്രം ഒപ്പുവെച്ചു. ഇതോടൊപ്പം വിരമിച്ച സൈനികർക്ക് തൊഴിൽ ലഭ്യമാക്കാനുള്ള പദ്ധതിയും പതഞ്ജലി പ്രഖ്യാപിച്ചിരിക്കുകയാണ്.സൈന്യത്തിലുള്ളവരുടെ ആരോഗ്യം മെച്ചപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ആയുർവേദ, യോഗ, വെൽനസ് മേഖലകളിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ലഫ്റ്റനെൻ്റ് ജനറൽ എൻ. എസ്സ്ണ രാജാസുബ്രഹ്മണി, ലഫ്റ്റനെൻ്റ് ജനറൽ ആർ. സി തിവാരി, ബ്രിഗേഡിയർ അമൻ ആനന്ദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.പതഞ്ജലി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഗവേഷണത്തിന് ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി പ്രസിന്റെ ലോകപ്രശസ്ത എഫ്.ഇ.എം.എസ് മൈക്രോബയോളജി ഇക്കോളജി ജേണലിന്റെ അംഗീകാരം ലഭിച്ചിരുന്നു. ആയുർവേദ മരുന്നുകൾ ശരീരത്തിലെ നല്ല ഗുണം ചെയ്യുന്ന ബാക്ടീരിയകളെ എങ്ങനെ വർദ്ധിപ്പിക്കാൻ സഹായിക്കുന്നുവെന്നതിനെക്കുറിച്ചായിരുന്നു പഠനം. ആചാര്യ ബാലകൃഷ്ണയുടെ നേതൃത്വത്തിൽ പതഞ്ജലി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിരവധി ഔഷധസസ്യങ്ങളെക്കുറിച്ച് ഗവേഷണം നടത്തുകയും പുതിയ ഫലപ്രദമായ ഔഷധങ്ങൾ ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നു. പതഞ്ജലിയുടെ ആയുർവേദ ഔഷധ സാദ്ധ്യതകൾ പരിശോധിക്കുന്നതിനായി, ഓസ്ട്രേലിയയിലെ സ്വിൻബേൺ സർവകലാശാലയിലെ പ്രൊഫസർമാരും പതഞ്ജലി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞരും ചേർന്നാണ് ഗവേഷണം നടത്തിയത്.

## ചൈനയിലെ ശ്വസകോശ രോഗം: സൂക്ഷ്മമായി നിരീക്ഷിക്കുന്നു: കേന്ദ്ര ആരോഗ്യ മന്ത്രാലയം

**ന്യൂഡൽഹി:** ചൈനയിൽ വർധിച്ചുവരുന്ന ശ്വസകോശ രോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ചൈനയിൽ എച്ച്9എൻ2 പൊട്ടിപ്പുറപ്പെടുന്നതും കുട്ടികളിൽ റിപ്പോർട്ട് ചെയ്ത ശ്വാസകോശ സംബന്ധമായ അസുഖങ്ങളുടെ ക്ലസ്റ്ററുകളും നിരീക്ഷിച്ചു വരികയാണെന്ന് ആരോഗ്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. വടക്കൻ ചൈനയിൽ വ്യാപകമായി ശ്വാസകോശ രോഗം റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ആരോഗ്യ മന്ത്രാലയത്തിന്റെ പ്രതികരണം.

ചൈനയിൽ റിപ്പോർട്ട് ചെയ്ത ഏവിയൻ ഇൻഫ്ലുവൻസ കേസുകളിൽ നിന്നും ശ്വാസകോശ സംബന്ധമായ അസുഖങ്ങളിൽ നിന്നും ഇന്ത്യയ്ക്ക് അപകടസാധ്യത കുറവാണ്. നിലവിലെ സാഹചര്യത്തിൽ നിന്ന് ഉയർന്നുവന്നേക്കാവുന്ന ഏത് പ്രതിസന്ധിയെയും നേരിടാൻ ഇന്ത്യ തയാറാണ് ആരോഗ്യമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇത് സൂനോട്ടിക് വൈറസ് (മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നവ) പോലുള്ള കൊറോണ വൈറസ് അല്ലെന്നും മന്ത്രാലയം വ്യക്തമാക്കി.വർധിച്ചുവരുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങളെക്കുറിച്ച് ലോകാരോഗ്യ സംഘടനയും (ഡബ്ല്യുഎച്ച്ഒ) ചൈനയിൽ നിന്ന് വിശദമായ റിപ്പോർട്ടുകൾ തേടിയിട്ടുണ്ട്.



# സിഒപിഡി ബോധവൽക്കരണത്തിനായി സിപ്ല

**കൊച്ചി:** സിഒപിഡി ബോധവൽക്കരണത്തിനായി സിപ്ല രംഗത്ത്. വിട്ടുമാറാത്ത ശ്വാസകോശ സംബന്ധമായ രോഗാവസ്ഥകൾ ഉൾപ്പെടെയുള്ള സാംക്രമികേതര രോഗങ്ങൾ മൂലമുള്ള അകാല മരണങ്ങളുടെ എണ്ണം 2025ഓടെ 25% കുറയ്ക്കാൻ ഇന്ത്യയുടെ ഏറ്റവും പുതിയ ദേശീയ ആരോഗ്യ നയം ലക്ഷ്യംവെക്കുന്നു. ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് ഈ സാഹചര്യത്തിലെ ഒരു പ്രധാന ആശങ്കയാണ്. സിഒപിഡി നേരത്തേ കണ്ടെത്തുന്നതിലും ചികിത്സിക്കുന്നതിലും മെച്ചപ്പെട്ട രോഗ ബോധവൽക്കരണത്തിനുള്ള പങ്ക് എടുത്തു പറയേണ്ടതാണെന്ന് കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ.സന്ദീപ് കെ.എഫ് പറയുന്നു

വിവിധ ചികിത്സാരീതികൾ നിലനിൽക്കുന്ന ഒരു രാജ്യത്ത്, രോഗനിർണയവും യുക്തിസഹമായ ചികിത്സയും പ്രോത്സാഹിപ്പിക്കുന്നതിൽ അവബോധത്തിന് നിർണായകമായ പങ്കുണ്ട്. സിഒപിഡി വർദ്ധിച്ചുകൊണ്ടിരിക്കുന്ന രോഗാവസ്ഥയായതിനാൽ, ശ്വാസകോശത്തിന്റെ പ്രവർത്തനത്തിൽ കാര്യമായ കുറവ് കാണുന്നതിനും ശ്വാസതടസ്സം, ചുമ, കഫം ഉണ്ടാകൽ, ശ്വാസംമുട്ട്, നെഞ്ച് ഇറുകുക പോലുള്ള ലക്ഷണങ്ങൾ വഷളാകുന്നതിനും മുമ്പ് ഇത് നിയന്ത്രിക്കേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. പുക, വായുവിലുള്ള മലിനീകരണം തുടങ്ങിയ പ്രേരകങ്ങളുമായുള്ള സമ്പർക്കം രോഗം കത്തിപ്പടരുന്നതിനും ശ്വാസകോശ അറ്റാക്കിനും കാരണമാകും, ഇത് രോഗികൾക്ക് പൂർണ്ണ സുഖം പ്രാപിക്കാൻ ഒരു മാസമോ അതിൽ കൂടുതലോ സമയമെടുക്കുന്ന സാഹചര്യമുണ്ടാക്കുമെന്നും അദ്ദേഹം പറയുന്നു.



# പുതിയ നാല് ട്രക്കുകൾ അവതരിപ്പിച്ച് ഐഷർ

**കൊച്ചി:** വിഇ കൊമേഴ്സ്യൽ വെഹിക്കിൾ ലിമിറ്റഡിന്റെ ഒരു വിഭാഗമായ ഐഷർ ട്രക്കുകളും ബസുകളും ഐഷർ നോൺസ്റ്റോപ് സീരീസ് അവതരിപ്പിച്ചു.

പുതിയ നിരയിലുള്ള ഡ്യൂട്ടി ട്രക്കുകളാണ് വിപണിയിലെത്തിക്കുന്നത്. ശക്തിയേറിയതും ഊർജക്ഷമവുമായ എഞ്ചിനുകൾ ഉള്ള നാല് ഹെവിഡ്യൂട്ടി ട്രക്കുകൾ നോൺസ്റ്റോപ് സീരീസിൽ ഉൾപ്പെടുന്നു. വാഹന ഉടമകൾക്ക് മികച്ച പ്രകടനവും അപ്ടൈമും നൽകുന്നതിനായി പരസ്പര ബന്ധിതമായ സേവന ഇക്കോസിസ്റ്റവും ഉണ്ട്. ഐഷർ പ്രോ 6019എക്സ്പിടി, ടിപ്പർ; ഐഷർ 604എക്സ്പി, ഹൗലേജ് ട്രക്ക്; ഐഷർ പ്രോ 6055എക്സ്പി, ഐഷർ പ്രോ 6055എംസ്പി 4x2, ട്രാക്ടർ ട്രക്കുകൾ ഐഷറിന്റെ വൈവിദ്ധ്യമേറിയ ഹെവി, മീഡിയം, ലൈറ്റ് ഡ്യൂട്ടി ട്രക്കുകളുടേയും ബസുകളുടേയും കൂട്ടത്തിലേക്ക് പുതുതായി എത്തിയിരിക്കുന്നത്. തങ്ങളുടെ അപ്ടൈം സെന്ററിന്റേയും മൈഐഷർ ആപ്പിന്റേയും പിന്തുണയോടു കൂടി പുതിയ നിര വാഹനങ്ങൾ ഐഷർ ഉപഭോക്താക്കൾക്ക് കൂടുതൽ ഉൽപാദനക്ഷമതയും ലാഭവും നൽകുമെന്ന് കമ്പനി എംഡിയും സിഇഒയുമായ വിനോദ് അഗർവാൾ പറഞ്ഞു.

എഐയുടേയും മെഷീൻ ലേണിങ്ങിന്റേയും പിന്തുണയോടെയുള്ള തങ്ങളുടെ പരിപൂർണമായ സേവന മാർഗങ്ങളും സവിശേഷയമായ പ്രകടനവും ഉറപ്പാക്കുന്നതിനായി രൂപകൽപന ചെയ്തിട്ടുള്ളതാണെന്ന് കമ്പനിയുടെ എച്ച്ഡി ട്രക്ക് ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് ഗഗൻദീപ് സിംഗ് ഗണ്ഡോക്ക് പറഞ്ഞു.

# ധനസഹായത്തിന് അപേക്ഷിക്കാം

**കൊല്ലം:** ഭക്ഷ്യസംരക്ഷണ മേഖലയിൽ ചെറുസംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും പി എം എഫ് എം ഇ പദ്ധതിയിൽ അപേക്ഷിക്കാം. സ്ഥിര മൂലധനത്തിന്റെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപയും പ്രവർത്തന മൂലധനത്തിന് ആറ് ശതമാനം പലിശയിളവും നൽകും. ജില്ലാ വ്യവസായ കേന്ദ്രത്തിൽ വിവരങ്ങൾ ലഭിക്കും. ഫോൺ 9744433500, 0474 2748395.





മുഖ്യമന്ത്രി രാജിവെയ്ക്കണമെന്നവാശ്യപ്പെട്ട് എറണാകുളം മേനക ജംഗ്ഷനിൽ ജെ.എസ്.എസ് സംഘടിപ്പിച്ച മധ്യമേഖല ധർണ്ണ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ .എ.എൻ രാജൻബാബു ഉദ്ഘാടനം ചെയ്യുന്നു.

# കേരളം തകർക്കുന്ന പിണറായി സർക്കാരിനെ ഇന്ത്യൻ പ്രസിഡന്റ് പിരിച്ചുവിടണം: അഡ്വ.എ.എൻ രാജൻ ബാബു

**കൊച്ചി:** സത്യപ്രതിജ്ഞാ ലംഘനം നടത്തി കേരളത്തിന്റെ സമസ്തമേഖലയും തകർത്തുകൊണ്ട് ഭരണം നടത്തുന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെയ്ക്കണമെന്നും തയ്യാറല്ലെങ്കിൽ ഇന്ത്യൻ പ്രസിഡന്റ് ഇടപെട്ട് സർക്കാരിനെ പിരിച്ചു വിടണമെന്നും ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ .എ.എൻ രാജൻബാബു ആവശ്യപ്പെട്ടു. മുഖ്യമന്ത്രി രാജിവെയ്ക്കണമെന്നവാശ്യപ്പെട്ട് എറണാകുളം മേനക ജംഗ്ഷനിൽ ജെ.എസ്.എസ് സംഘടിപ്പിച്ച മധ്യമേഖല ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സത്യപ്രതിജ്ഞാ ലംഘനം മാത്രമല്ല ഭരണഘടനാ ലംഘനവും നടത്തിയാണ് മുഖ്യമന്ത്രി പിണറായി വിജയൻ ഭരണം നടത്തുന്നത്.

അക്രമത്തെയും അക്രമികളെയും പ്രോൽസാഹിപ്പിക്കുന്ന നയമാണ് മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്നും ഇതിന് അറുതിവരുത്തേണ്ടത് നാടിന്റെ ആവശ്യമാണെന്നും അഡ്വ.എ.എൻ രാജൻ ബാബു പറഞ്ഞു. പാർട്ടി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.വി താമരാക്ഷൻ അധ്യക്ഷത വഹിച്ചു. യു.ഡി.എഫ് ജില്ലാ ചെയർമാൻ ഡൊമിനിക് പ്രസന്റേഷൻ മുഖ്യപ്രഭാഷണം നടത്തി.

ഹൈബി ഈഡൻ എം.പി, ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗം എൻ.കെ നാസർ, കെ.ഡി.പി സംസ്ഥാന ജനറൽ സെക്രട്ടറി പി.എസ് പ്രകാശൻ, ഫോർവേർഡ് ബ്ലോക്ക് ജില്ലാ സെക്രട്ടറി ബൈജു മേനാച്ചേരി, സി.എം.പി ജില്ലാ സെക്രട്ടറി പി.രാജേഷ്, ജനതാദൾ ജില്ലാ പ്രസിഡന്റ് തമ്പി ചെള്ളാത്ത്, ജെ.എസ്.എസ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ. സഞ്ജീവ് സോമശേഖരൻ, സംസ്ഥാന സെക്രട്ടറിമാരായ ബാലരാമപുരം സുരേന്ദ്രൻ, കാട്ടുകുളം സലിം, വൈസ് പ്രസിഡന്റ് പി.സി ജയൻ, സംസ്ഥാന സെന്റർ അംഗങ്ങളായ അഡ്വ. സുനിത കെ.വിനോദ്, അഡ്വ.കെ.വി ഭാസി, അഡ്വ.പ്രസാദ്, ദാസൻ പാലപ്പിള്ളി, കെ.പി സുരേഷ്, ജില്ലാ പ്രസിഡന്റ് വി.കെ സുനിൽകുമാർ, ജില്ലാ സെക്രട്ടറി പി ആർ ബിജു തുടങ്ങിയവർ സംസാരിച്ചു.

# സൈബർപാർക്കിൽ ടെക്കികളുടെ ആഘോഷത്തിനു സമാപനം

**കോഴിക്കോട്:** മലബാറിന്റെ ഐ.ടി തലസ്ഥാനമായ കോഴിക്കോട് സർക്കാർ സൈബർപാർക്കിൽ രണ്ടു ദിവസങ്ങളിലായി നടന്നുവന്ന സൈബർ കാർണിവലിനു സമാപനം. സർക്കാർ സൈബർപാർക്കിലെയും യു.എൽ സൈബർപാർക്കിലെയും ജീവനക്കാർക്കായി സംഘടിപ്പിച്ച സൈബർ കാർണിവലിൽ ഫ്ളീ മാർക്കറ്റ്, ഫുഡ് ഫെസ്റ്റിവൽ, കലാപരിപാടികൾ, ഡി.ജെ തുടങ്ങിയ വിവിധ പരിപാടികൾ നടന്നു. സർക്കാർ സൈബർപാർക്കിലെ സഹ്യ ഫുട്ബോൾ ഗ്രൗണ്ടിൽ നടന്ന സൈബർ കാർണിവൽ സർക്കാർ സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ ഉദ്ഘാടനം ചെയ്തു.



സൈബർപാർക്ക് എച്ച് ആർ ആൻഡ് മാർക്കറ്റിങ് ഓഫീസർ അനുശ്രീ എം, എം ടു എച്ച് ഡയറക്ടർ ഹാരിസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനെ പ്രതിനിധീകരിച്ചു ഗീത മരത്തക്കോട്ട് എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. സൈബർപാർക്ക് ജീവനക്കാരുടെ മ്യൂസിക് ക്ലബ്ബായ സഹ്യ മ്യൂസിക് ക്ലബിന്റെ ബാൻഡ് പെർഫോമൻസും ജീവനക്കാരുടെ ഡാൻസ് പെർഫോമൻസും ഡി.ജെ ക്രോസിന്റെ ഡി.ജെയും സൈബർകാർണിവലിന്റെ ഭാഗമായി നടന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ ഉൾപ്പടെയുള്ളവരുടെ അടക്കം ഒട്ടേറെ സ്റ്റാളുകൾ ഫ്ളീ മാർക്കറ്റിൽ ഒരുക്കിയിരുന്നു.




# ആസ്റ്റർ കെയർ കണക്ട് പദ്ധതിക്ക് തുടക്കമായി

**കൊച്ചി:** കോർപ്പറേറ്റ് സ്ഥാപനങ്ങൾ, റെസിഡൻഷ്യൽ കമ്മ്യൂണിറ്റികൾ, അപ്പാർട്ട്മെന്റുകൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ഏറ്റവും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ നേരിട്ടെത്തിക്കുന്ന അത്യാധുനിക ഹോം കെയർ പദ്ധതിക്ക് കൊച്ചിയിൽ തുടക്കമായി.

മുതിർന്ന അഭിഭാഷകനും മുൻ അഡ്വക്കേറ്റ് ജനറലുമായിരുന്ന അഡ്വ. വി.കെ ബീരാൻ പദ്ധതി ഉദ്ഘാടനം ചെയ്തു.സമഗ്രമായ സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ അടിയന്തര ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളുടെ രീതി തന്നെ മാറ്റിയെഴുതാൻ ഉതകുന്ന പദ്ധതിയാണ് ആസ്റ്റർ കെയർ കണക്ട്. ഇന്ത്യയിലെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ടെലി സ്ട്രോക്ക് ആംബുലൻസിന്റെ പിന്തുണയോടെയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.സ്ട്രോക്ക് ഉൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ എല്ലാവിധ അടിയന്തര സേവനങ്ങളും തടസമില്ലാതെ ഏകോപിപ്പിക്കാനും വീട്ടുപടിക്കൽ തന്നെ ചികിത്സയും പരിചരണവും ലഭ്യമാക്കാനും കഴിയും. ഇത്തരം സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന ഫൈവ് ജി സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 24 മണിക്കൂർ ആർ.ആർ.ആർ (റെസ്പോൺസ്, റെസ്ക്യൂ, റിസസിറ്റേഷൻ, റിക്കവറി) സംവിധാനമാണ് ആസ്റ്റർ കെയർ കണക്ടിന്റെ പ്രധാന സവിശേഷത.പദ്ധതിയുടെ ഭാഗമായി ആസ്റ്റർ ഫാർമസി, ആസ്റ്റർ ലാബ്സ് സംവിധാനങ്ങളും വീട്ടുപടിക്കൽ ലഭ്യമാകും. ആസ്റ്റർ പ്രിവിലേജ് കാർഡ് ഉപയോഗിക്കുന്നത് വഴി വിവിധ രോഗ നിർണയ പരിശോധനകൾ നിരക്കിളവോടെ ചെയ്യാൻ കഴിയും.

പ്രായമായവരെയും വ്യക്തിഗത പരിചരണം ആവശ്യമുള്ളവരെയും പരിചരിക്കുന്നതിന് പരിശീലനം ലഭിച്ച നേഴ്സുമാരുടെയും ഡോക്ടർമാരുടെയും സേവനം ലഭ്യമാണ്. ശസ്ത്രക്രിയ കഴിഞ്ഞ് ഇരിക്കുന്ന രോഗികൾ, ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ളവർ, ദൈനംദിന സഹായം ആവശ്യമുള്ളവർ തുടങ്ങിയവർക്കും ആസ്റ്റർ കെയർ കണക്ടിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്താനാകും. ഇതോടൊപ്പം ആരോഗ്യകരമായ ജീവിതരീതി ആസ്വദിക്കുന്നതിനായി ഭക്ഷണരീതി സംബന്ധിച്ച് വ്യക്തിഗത നിർദ്ദേശങ്ങളും പദ്ധതിയിലൂടെ ലഭിക്കുമെന്നും ഫർഹാൻ യാസിൻ പറഞ്ഞു. ഈ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായാണ് വൈവിധ്യമാർന്ന സേവനങ്ങൾ ഉൾപ്പെടുത്തി ആസ്റ്റർ കെയർ കണക്ട് സജ്ജീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. സമയോചിതമായി വിദഗ്ധ ചികിത്സ ലഭിക്കുമെന്നതിനാൽ സ്ട്രോക്ക് രോഗികളെ സംബന്ധിച്ചിടത്തോളം ആസ്റ്റർ കെയർ കണക്ട് നിർണായക സ്വാധീനമാകുമെന്നും ഇതുവഴി സ്ട്രോക്കിന്റെ ഫലങ്ങൾ ലഘൂകരിക്കാൻ കഴിയുമെന്നും ആസ്റ്റർ മെഡ്സിറ്റിയിലെ കൺസൾട്ടന്റ് എമർജൻസി ഫിസിഷ്യൻ ഡോ. ജോൺസൺ വർഗീസ് കൂട്ടിച്ചേർത്തു.പഷ്യന്റ് സർവീസ് മേധാവി ധന്യ ശ്യാമളനും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. കോർപ്പറേറ്റുകൾ, റെസിഡൻസ്, അപ്പാർട്ട്മെന്റ് ഉടമകളുടെ അസോസിയേഷനുകൾ, ആരോഗ്യ സേവനങ്ങളിൽ താൽപ്പര്യമുള്ള വിവിധ സംഘടനകൾ തുടങ്ങിയവർക്ക് 8111998082, 8111998204 എന്നീ നമ്പറുകൾ മുഖേന ആസ്റ്റർ കെയർ കണക്റ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് അധികൃതർ അറിയിച്ചു.

# ആമസോണിന്റെ ദി ബ്യൂട്ടി സെയിൽ മൂന്നാം എഡിഷൻ ആരംഭിച്ചു

**കൊച്ചി:** ആമസോൺ ദി ബ്യൂട്ടി സെയിൽ മൂന്നാം എഡിഷൻ ആരംഭിച്ചു. നവംബർ 26 വരെയാണ് സെയിൽ നടക്കുന്നത്. ആമസോൺ ബ്യൂട്ടിയിൽ ലോറിയൽ പ്രൊഫഷണലുമായി സഹകരിച്ച് മെയ്ബെലിൻ അവതരിപ്പിക്കുന്ന ശൈത്യകാല, ഉത്സവ സീസൺ എഡിഷനിൽ സൗന്ദര്യ വർധക ഉൽപന്നങ്ങൾക്ക് 60% വരെ ഇളവ് ലഭിക്കുമെന്ന് ആമസോൺ ഇന്ത്യ ബ്യൂട്ടി, പേഴ്സണൽ കെയർ ആൻഡ് ലക്ഷ്വറി ബ്യൂട്ടി ഡയറക്ടർ സേബ ഖാൻ പറഞ്ഞു.. മോയിസ്!ചറൈസറുകൾ, സെറം, ഫേസ് ആൻഡ് ബോഡി ഓയിലുകൾ, ശീതകാലാവസ്ഥയുടെ പ്രത്യാഘാതങ്ങളെ ചെറുക്കുന്ന സ്കിൻ ആൻഡ് ഹെയർ മാസ്കുകൾ, മറ്റുപകരണങ്ങൾ എന്നിവ വിപുലമായ ശ്രേണിയിൽ നിന്ന് തെരഞ്ഞെടുക്കാനാകും. ഓരോ പർച്ചേസിനും ആകർഷക ഡീലുകളും സൗജന്യ സമ്മാനങ്ങളും ലഭിക്കും. സൗന്ദര്യ പരിചരണത്തിൽ ഏകജാലക ഷോപ്പ് എന്ന നിലയ്ക്കാണ് ദി ബ്യൂട്ടി സെയിൽ മൂന്നാം എഡിഷൻ. ദി ബ്യൂട്ടി സെയിലിന്റെ മുൻ എഡിഷനുകൾക്കു ലഭിച്ച മികച്ച പ്രതികരണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ എഡിഷൻ ആരംഭിക്കുന്നതെന്നും സേബ ഖാൻ പറഞ്ഞു. ഉപഭോക്താവിന്റെ സൗകര്യവും സാമ്പത്തിക ലാഭവും ഉറപ്പാക്കുന്ന ഉൽപന്നങ്ങൾ തെരഞ്ഞെടുക്കാനാകുമെന്നും അവർ പറഞ്ഞു.

# തൊഴിലവസരങ്ങളും ഗെയിമിംഗ് വരുമാനവും വർധിക്കുന്നതായി എച്ച്പി പഠനം

**കൊച്ചി:** ഇ സ്പോർട്ട്സ് വ്യവസായത്തിന്റെ വളർച്ച ഇന്ത്യയിലെ ഗെയിമർമാർക്ക് കൂടുതൽ തൊഴിലവസരങ്ങളും വർധിച്ച വരുമാനവും നൽകുന്നതായി ഇക്കൊല്ലത്തെ എച്ച്പി ഇന്ത്യ ഗെയിമിംഗ് ലാൻഡ്സ്കേപ്പ് സ്റ്റഡി റിപ്പോർട്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം വരുമാനം ഗണ്യമായി വർധിച്ചു.ഗെയിമിങ്ങ് ഗൗരവമായി എടുത്തവരിൽ പകുതിപേരും വർഷത്തിൽ 6 മുതൽ 12 ലക്ഷം വരെ വരുമാനമുണ്ടാക്കുന്നു.

വ്യവസായ വളർച്ച തിരിച്ചറിഞ്ഞ് 42% രക്ഷിതാക്കൾ ഗെയിമിംഗ് ഹോബിയായി അംഗീകരിക്കുന്നുണ്ട്. എന്നാൽ ഗെയിമിംഗിന്റെ കരിയർ സ്ഥിരതയെക്കുറിച്ചും സാമൂഹികമായ ഒറ്റപ്പെടൽ സാധ്യതയെക്കുറിച്ചും രക്ഷിതാക്കൾ ആശങ്കാകുലരാണ്.61% ആളുകൾക്ക് ഇന്ത്യയിലെ ഗെയിംമിങ്ങ് കോഴ്സുകളെകുറിച്ച് അറിവില്ലെന്ന് പഠനം വെളിപ്പെടുത്തുന്നു.15 ഇന്ത്യൻ നഗരങ്ങളിലെ 3000 ഗെയിമർമാരെ ഉൾപ്പെടുത്തിയാണ് എച്ച്പി പഠനം നടത്തിയത്. ആഗോളതലത്തിൽ ഏറ്റവും മികച്ച മൂന്ന് പിസി ഗെയിമിംഗ് രാജ്യങ്ങളിൽ ഒന്നായി ഇന്ത്യ ഉയർന്നുവരുമ്പോൾ, ഗെയിമർമാരെ ശാക്തീകരിക്കുന്നതിനു പ്രതിജ്ഞാബദ്ധമാണെന്നു എച്ച്പി ഇന്ത്യ മാർക്കറ്റ് സീനിയർ വൈസ് പ്രസിഡന്റും മാനേജിംഗ് ഡയറക്ടറുമായ ഇപ്സിത ദാസ്ഗുപ്ത പറഞ്ഞു. ഇ സ്പോർട്ട്സ് മാനേജ്മെന്റിനെയും ഗെയിം ഡെവലപ്മെന്റിനെയും കുറിച്ചുള്ള സൗജന്യ ഓൺലൈൻ പ്രൊഫഷണൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമായ എച്ച് പി ഗെയിമിംഗ് ഗാരേജ് അവതരിപ്പിച്ചതായും എച്ച്പി അറിയിച്ചു.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ ഫെബ്രുവരി 11 ന്

**കൊച്ചി:** ക്ലിയോസ്പോർട്ട്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ രണ്ടാം പതിപ്പ് 2024 ഫെബ്രുവരി 11ന് നടക്കും.42.195 കിലോമീറ്റർ മാരത്തോൺ, 21.097 കിലോമീറ്റർ ഹാഫ് മാരത്തോൺ, 10 കിലോമീറ്റർ റൺ, 3 കിലോമീറ്റർ ഗ്രീൻ റൺ, ശാരീരിക വൈകല്യമുള്ളവർക്കും ഭിന്നശേഷിക്കാർക്കുമായി പ്രത്യേക വിഭാഗം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളിലായാണ് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ നടക്കുക. മാരത്തോൺ, ഹാഫ് മാരത്തോൺ, 10 കിമി റൺ എന്നിവയിൽ പങ്കെടുക്കുന്നവർക്ക് ഈയിടെ നടന്ന ഏതെങ്കിലും മാരത്തോണിൽ ഓടിയ പരിചയം ആവശ്യമാണ്. വിനോദ ഓട്ടമായ ഗ്രീൻ റണ്ണിൽ സ്കൂളുകൾ, കോളേജുകൾ, ഹൗസിങ് സൊസൈറ്റികൾ, വനിത സംഘടനകൾ, കോർപ്പറേറ്റ് ജീവനക്കാർ, സന്നദ്ധസംഘടകൾ തുടങ്ങി സമൂഹത്തിലെ വിവിധ തുറകളിലുള്ളവരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. ഗ്രീൻ റണ്ണിൽ പങ്കെടുക്കുന്നവർക്ക് ക്ലീൻ, ഗ്രീൻ ആൻഡ് സേഫ് കേരള എന്ന പ്രമേയം ഉൾകൊള്ളുന്ന സന്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. മികച്ച എൻട്രികൾക്ക് സമ്മാനങ്ങളുമുണ്ട്. പത്തു ലക്ഷമായിരുന്ന സമ്മാനത്തുക പതിനഞ്ചു ലക്ഷമാക്കി ഉയർത്തിയതായി സംഘാടകർ അറിയിച്ചു.

ഇത്തവണ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിൽ ശാരീരിക വൈകല്യമുള്ളവർക്കും ഭിന്നശേഷിയുള്ളവർക്കുമായി ഒരു പ്രത്യേക വിഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. സന്നദ്ധസംഘടനയായ രക്ഷാ സൊസൈറ്റിയുടെ സഹകരണത്തോടെയാണ് ഈ ഓട്ടം സംഘടിപ്പിക്കുക. മാരത്തോണിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷന് ംംം.സീരവശാമൃമവേീ.ശി സന്ദർശിക്കുക. ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടന്ന മാരത്തോണിന്റെ പ്രഖ്യാപനച്ചടങ്ങിൽ അത്ലെറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ സീനിയർ വൈസ് പ്രസിഡന്റ് പത്മശ്രീ അഞ്ജു ബോബി ജോർജ്, ഹൈബി ഈഡൻ എംപി, ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ എംവിഎസ് മൂർത്തി, സീനിയർ വൈസ് പ്രസിഡന്റ് & സോണൽ ഹെഡ് കുര്യാക്കോസ് കോണിൽ, വൈസ് പ്രസിഡന്റുമാരായ എ. അജിത് കുമാർ, ജി സുരേഷ് കുമാർ, സീനിയർ ഓഫീസർമാരായ സോണി റേച്ചൽ ഉമ്മൻ, ജി കാർത്തിക്, അനൂപ് ഹരീന്ദ്രൻ, മെഡിക്കൽ ഡയറക്ടർ ഡോ. ജോൺസൺ കെ. വർഗീസ്, ക്ലിയോ സ്പോർട്സ് ഉടമകളായ ബൈജു പോൾ, അനീഷ് പോൾ, ശബരി നായർ, എം ആർ കെ ജയറാം, വിപിൻ നമ്പ്യാർ, ജോസഫ്, രക്ഷ സൊസൈറ്റി സെക്രട്ടറി അനില നൈനാൻ, ക്രൗൺപ്ലാസ ജി എം ദിനേഷ് റായ് തുടങ്ങിയവർ പങ്കെടുത്തു.

# ജെല്ലിഫിഷ് ശല്യമല്ല ; കയറ്റുമതി രംഗത്ത് വൻ സാധ്യത

**കൊച്ചി:** ഒരിക്കൽ ശല്യമായി കണ്ട് അകറ്റിയിരുന്ന ജെല്ലിഫിഷ് (കടൽച്ചൊറി) കയറ്റുമതി രംഗത്ത് ഏറെ സാധ്യതകളുള്ളതും മത്സ്യത്തൊഴിലാളികളുടെ വരുമാനം കൂട്ടാൻ സഹായിക്കുന്നതുമാണെന്ന് വിലയിരുത്തൽ. രാജ്യത്തിന്റ സമ്പദ് വ്യവസ്ഥക്ക് മുതൽക്കൂട്ടാകുന്ന ഒന്നാണ് കടൽച്ചൊറി. എന്നാൽ, സുസ്ഥിരപരിപാലനം, ഗുണനിലവാര നയന്ത്രണം ആഭ്യന്തരവിപണിയിലെ സ്വീകാര്യത എന്നിവ അനിവാര്യമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നിർദേശിച്ചു.



ആഗോളവിപണിയിൽ ഈയിടെയായി കടൽച്ചൊറി വിഭവങ്ങൾക്ക് ആവശ്യകത കൂടിവരികയാണ്. ഇത് മത്സ്യത്തൊഴിലാളികൾക്ക് അധികവരുമാനത്തിനുള്ള അവസരമാണ് തുറന്നിടുന്നത്. ഇവയുടെ സമുദ്രആവാസവ്യസ്ഥയിലുള്ള പ്രാധാന്യവും മറ്റ് പ്രത്യേകതകളും കണക്കിലെടുത്ത് മികച്ച പരിപാലന രീതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു.തിരുവനന്തപുരം കോവളത്ത് നടക്കുന്ന രാജ്യാന്തര സിംപോസിയത്തിൽ നടന്ന ജെല്ലിഫിഷ് വ്യാപാരവും ഉപജീവനമാർഗവും എന്ന വിഷയത്തിൽ നടന്ന പ്രത്യേക സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങളും തീരക്കടൽ വിഭവങ്ങളുടെ മത്സ്യബന്ധനതോത് വർധിക്കുകയും ചെയ്ത സാഹചര്യത്തിൽ, കടൽച്ചൊറി ബന്ധനവും വ്യാപാരവും ഏറെ സാധ്യതകളാണ് മുന്നോട്ട് വെക്കുന്നത്.

2021ൽ 11,756 ടൺ ജെല്ലിഫിഷാണ് ഇന്ത്യൻ തീരത്ത് നിന്നും പിടിച്ചത്. എന്നാൽ, ഇന്ത്യയിൽ ഇവയെ ഭക്ഷണമായി കഴിക്കുന്ന പതിവില്ല. ഇത് പരിഹരിക്കുന്നതിന് ഇവയിലടങ്ങിയ പോഷകമൂല്യങ്ങളെ കുറിച്ച് ബോധവൽകരണവും ഇവയുടെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ വേണമെന്നും സിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു.സിഎംഎഫ്ആർഐയുമായി ചേർന്ന് കേരള സർവകലാശാലയാണ് സിംപോസിയം സംഘടിപ്പിക്കുന്നത്. 202223ൽ 13.12 കോടി രൂപയുടെ ജെല്ലിഫിഷാണ് ഇന്ത്യയിൽ നിന്ന് കയറ്റുമിതി നടത്തിയതെന്ന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ബന്ദു ജെ പറഞ്ഞു. കയറ്റുതി ഏറിയ പങ്കും പോകുന്നത് ചൈനയിലേക്കാണ്. ആഗോളതലത്തിൽ കടൽച്ചൊറി ഉൽപാദനത്തിന്റെ 60 ശതമാനവും ചൈനയിലാണ്. ഇവ പിടിക്കുന്നതിലും ഇവയുടെ സംസ്കരണത്തിലും ഗുണനിലവാരത്തോടെ വിപണനം നടത്തുന്നതിലം വേണ്ടത്ര അറിവില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതിൽ മാറ്റംവരണമെന്നും അവർ പറഞ്ഞു.

ആഭ്യന്തരവിപണി സൃഷ്ടിക്കുകയും ഗുണനിലവാരമുള്ള പുതിയ മൂല്യവർധിത ഉൽപാദനം നടത്തുകയും മത്സ്യത്തൊഴിലാളികൾക്കിടയിൽ ബോധവൽകരണം നടത്തുകയും ചെയ്താൽ കടൽച്ചൊറി വ്യാപാര രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാനാകുമെന്ന് സിഎംഎഫ്ആർഐയിൽ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ മിറിയം പോൾ ശ്രീറാം പറഞ്ഞു.കേരളസർവകലാശാലയിലെ ഡോ എ ബിജുകാർ, ശ്രീലങ്കയിലെ വായമ്പ സർവകലാശാലയിലെ ക്രിഷൻ കരുണരത്നെ, സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ ശരവണൻ രാജു എന്നിവരും പ്രബന്ധനങ്ങൾ അവതരിപ്പിച്ചു.

# കേബിൾ ടിവിയും ഒടിടിയും കൈകോർത്ത് മുന്നേറണമെന്ന് കേബിൾ മെഗാഫെസ്റ്റ് ഓപ്പൺ ഫോറം

**കൊച്ചി:** പുതിയ കാലത്തിന്റെ വിനോദോപാധിയായ ഒടിടി പ്ലാറ്റുഫോമുകൾ പരമ്പരാഗത കേബിൾ ടിവി വ്യവസായത്തിന് തിരിച്ചടിയാകുമോ എന്ന വിഷയത്തിൽ മെഗാ കേബിൾ ഫെസ്റ്റിന്റെ ഇരുപത്തിയൊന്നാം പതിപ്പിന്റെ ഭാഗമായി ഓപ്പൺ ഫോറം സംഘടിപ്പിച്ചു.

സാങ്കേതികമേഖല വളരുമ്പോൾ അതിനൊപ്പം അപ്ഗ്രേഡ് നിലനിൽക്കുവാനാണ് ശ്രമിക്കേണ്ടെന്നും, അതുവഴി ഉപഭോക്താക്കളെ നിലനിർത്തുവാൻ സാധിക്കണമെന്നും ഓപ്പൺ ഫോറത്തിന്റെ മോഡറേറ്ററായ ടൈംസ് നെറ്റുവർക്ക് സീനിയർ വൈസ് പ്രസിഡന്റ് മുഹമ്മദ് മുസ്തഫ പറഞ്ഞു. ഭാവിയിൽ കേബിൾ ടിവി ബ്രോഡ്ബാന്റ് സേവനത്തിലൂടെ ഒടിടി സേവനം നൽകിത്തുടങ്ങും. മാറുന്ന ടെക്നോളജിക്കൊപ്പം കേബിൾ ടിവി നിലനിൽക്കുമെന്നും ഓപ്പൺ ഫോറത്തിൽ അഭിപ്രായമുയർന്നു. കണ്ടന്റുകൾ ഗ്ലോബലൈസ് ചെയ്യുന്നതിനായി കേബിൾ മേഖലയ്ക്ക് ഒടിടി പ്ലാറ്റ്ഫോം ആവശ്യമാണെന്നും പാനലിസ്റ്റുകൾ അഭിപ്രായപ്പെട്ടു. മാറുന്ന വിവര വിനിമയ , മാധ്യമ മേഖലയിലെ പ്രവണതകളും ഭാവി സാധ്യതകളും പുതു സാങ്കേതികതയും പരിചയപ്പെടുത്ത മെഗാ കേബിൾ ഫെസ്റ്റിന്റെ ഭാഗമായി നടത്തിയ ഓപ്പൺ ഫോറത്തിൽ ടിസിസിഎൽ ചെയർമാൻ ഷഖിലൻ,കൾവർ മാക്സ് എന്റർടെയ്ൻമെന്റ് പ്രൈ. ലി. റീജ്യണൽ ഹെഡ് എകെ രാമകൃഷ്ണൻ, വാർണർ ബ്രോസ് ഡിസ്കവറി സീനിയർ ഡയറക്ടർ സുനിൽ ഗണപതി, ടിസിസിഎൽ ടെക്നിക്കൽ ഹെഡ് നന്ദകുമാർ, കെസിസിഎൽ എംഡി പി.പി സുരേഷ് കുമാർ എന്നിവർ പാനലിസ്റ്റുകളായി പങ്കെടുത്തു.

കേരളവിഷൻ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ കെ ഗോവിന്ദൻ ഓപ്പൺ ഫോറത്തിന് സ്വാഗതവും, കെസിസിഎൽ സിഒഒ എൻ പദ്മകുമാർ നന്ദിയും പറഞ്ഞു.ഇന്റർനെന്റ് അധിഷ്ഠിത സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന ഐ ഒ ടി സംവിധാനങ്ങളെ പരിചയപ്പെടുത്തുന്ന ടെക്നിക്കൽ സെമിനാറും മെഗാ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു.

കേരള വിഷൻ ബ്രോഡ്ബാന്റ് എഞ്ചിനീയറിംഗ് & ഓപ്പറേഷൻ ഹെഡ് മനു മധുസൂദനൻ ക്ലാസ് നയിച്ചു. ബിജു ഢജ, ലോഹിതാക്ഷൻ ങ എന്നിവർ സംസാരിച്ചു. ഫെസ്റ്റിന്റെ മൂന്നാം ദിവസമായ ഇന്ന് ബിസിനസ് പാർട്ണേഴ്സും മീറ്റും, തുടർന്ന് ട്രായ് റഗുലേഷനും കേബിൾ ചാനലുകളുടെ ഭാവിയും എന്ന വിഷയത്തിൽ സെമിനാറും നടക്കും.

കേബിൾ ടിവി ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കേരള ഇൻഫോമീഡിയയാണ് മെഗാ കേബിൾ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

# വിഗാർഡ് ഇൻസൈറ്റ്ജി ഫാനിന് സിഐഐ ഡിസൈൻ അവാർഡ്




**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ഏറ്റവും പുതുതായി അവതരിപ്പിച്ച ഇൻസൈറ്റ്ജി ബിഎൽഡിസി ഫാനിന് ഇന്ത്യയിലെ മുൻനിര ഡിസൈൻ പുരസ്കാരമായ സിഐഐ ഡിസൈൻ അവാർഡ് 2023 ലഭിച്ചു.

പ്രൊഡക്ട് ഡിസൈൻ വിഭാഗത്തിലാണ് ഇൻസൈറ്റ്ജി അവാർഡിന് അർഹമായത്. ഏറ്റവും നൂതനവും മികച്ചതുമായ ഡിസൈൻ സമീപനമാണ് ഇൻസൈറ്റ്ജി യുടെ രൂപകൽപ്പനയെ വേറിട്ട് നിർത്തുന്നതെന്ന് ഇന്ത്യയിലെയും വിദേശത്തെയും വിദഗ്ധരടങ്ങിയ ജൂറി വിലയിരുത്തി. അവാർഡ് നേട്ടത്തോടൊപ്പം ഈ പുരസ്കാര മുദ്രയും ഇനി ഫാനിൽ പതിപ്പിക്കാനും പരസ്യങ്ങളിലും ഉൾപ്പെടുത്താനും കഴിയുമെന്നും നൂതന സമീപനത്തിലും രൂപകൽപ്പനാ മികവിലും വിഗാർഡ് പുലർത്തിപ്പോരുന്ന സമർപ്പണത്തിനുള്ള അംഗീകാരമാണ് സിഐഐ ഡിസൈൻ അവാർഡെന്ന് വിഗാർഡ് മാനേജിങ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

പ്രൊഡക്ട് ഡിസൈൻ രംഗത്ത് വിഗാർഡിനുള്ള ക്രിയാത്മകമായ സമീപനത്തിന്റെ തെളിവാണ് ഈ നേട്ടമെന്നും, അദ്ദേഹം പറഞ്ഞു. അകത്തള അലങ്കാരങ്ങളിൽ മാറിമാറി വരുന്ന അഭിരുചികളുമായി ചേരുന്ന വിധത്തിലാണ് ഇൻസൈറ്റ്ജി ഫാനിന്റെ രൂപകൽപ്പന. 12 നിറങ്ങളിൽ ലഭ്യമാണ്. ഫൈവ് സ്റ്റാർ റേറ്റിംഗോടെ അഞ്ചു വർഷത്തെ വാറണ്ടിയുമുണ്ട്. വെറും 35 വാട്ട് വൈദ്യുതി മാത്രം ഉപയോഗിക്കുന്ന ഇൻസൈറ്റ് ഫാനുകൾ വൈദ്യുതി ബിൽ കുറയ്ക്കാനും, പ്രതിവർഷം 1518 രൂപയോളം ലാഭിക്കാനും സഹായിക്കും. വിഗാർഡിന്റെ റൂർക്കിയിലെ അത്യാധുനിക ഉൽപ്പാദന കേന്ദ്രത്തിലാണ് ഈ ഫാനുകളുടെ നിർമാണം. ഹൈ സ്പീഡ് മോട്ടർ, എളുപ്പത്തിൽ വൃത്തിയാക്കാൻ സഹായിക്കുന്ന ഡസ്റ്റ് റിപ്പലെന്റ് കോട്ടിംഗ്, അതിശൈത്യകാലങ്ങളിൽ ഉപയോഗിക്കാവുന്ന റിവേഴ്സ് മോഡ് ഓപ്പറേഷൻ, ഇന്റ്യൂറ്റീവ് യൂസർ ഇന്റർഫേസ്, ടൈമർ സംവിധാനത്തോട് കൂടിയ യൂസർഫ്രണ്ട്ലി റിമോർട്ട് തുടങ്ങിയ പ്രധാന സവിശേഷതകളോട് കൂടിയതാണ് ഇൻസൈറ്റ്ജി ഫാൻ. ബൂസ്റ്റ്, ബ്രീസ്, സ്റ്റാൻഡേർഡ്, കസ്റ്റം തുടങ്ങിയ മോഡുകളിൽ ഫാൻ പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# കുഫോസിൽ പരിശീലന പരിപാടി സമാപിച്ചു

**കൊച്ചി:** കൊച്ചി വെറ്റനറി, ഫിഷറീസ്, കാർഷിക സർവ്വകലാശാലകളിലെ അധ്യാപർക്ക് വേണ്ടി കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) നടന്ന അഞ്ച് ദിവസത്തെ പരിശീലന പരിപാടി സമാപിച്ചു.

ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിലിന്റെ കീഴിലുള്ള ഹൈദരാബാദിലെ നാഷണൽ അക്കാഡമി ഓഫ് അഗ്രകൾച്ചർ റിസർച്ച് ആന്റ് മാനേജ്മെൻറ് ആണ് കാർഷിക വിദ്യാഭ്യാസ രംഗത്തെ അധ്യാപകർക്ക് വേണ്ടി ഫാക്കൽററി ഡെവലപ്മെൻറ് പ്രോഗ്രാം നടത്തിയത്. ഇന്ത്യയിലെ വിവിധ കാർഷിക സർവ്വകലാശാലകളിൽ നിന്നായി 24 ആധ്യാപകർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.പരിശീലന പരിപാടിയുടെ സമാപനത്തിൽ കുഫോസ് വൈസ് ചാൻസലർ ടി.പ്രദീപ് കുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. നാഷണൽ അക്കാഡമി ഓഫ് അഗ്രകൾച്ചർ റിസർച്ച് ആന്റ് മാനേജ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.ജി.വെങ്കിടേഷ് വാർലു, പ്രോഗ്രാം ഡയറക്ടർ ഡോ.എം.ബാലകൃഷ്ണൻ, കുഫോസ് രജിസ്ട്രാർ ഡോ.കെ.ദിനേശ്, പരിശീലന പരിപാടിയുടെ കോർഡിനേറ്റർമാരായ ഡോ.കെ.ജെ.ജയലക്ഷ്മി, ഡോ.കെ.ഷൈനി എന്നിവർ പ്രസംഗിച്ചു.

## യുജിസിനെറ്റ്/വിവിധ കോഴ്സുകളിൽ പരിശീലനം

**കൊല്ലം:** അയലൂർ കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ യു ജി സി നെറ്റ് പേപ്പർ ഒന്നിന് 60 മണിക്കൂർ ക്രാഷ് കോഴ്സ് നടത്തും.

സൗജന്യ സർട്ടിഫൈഡ് വെബ് ഡവലപ്പർ കോഴ്സിലേക്ക് (30 സീറ്റ്) എസ് സി/എസ് റ്റി/ഇ ഡബ്ല്യൂ എസ് ഗേൾസ് എന്നിവർക്ക് അപേക്ഷിക്കാം. ആധാർ കാർഡ്, എസ് എസ് എൽ സി എന്നിവയുടെ പകർപ്പും വില്ലേജോഫീസിൽ നിന്നും ലഭിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും സഹിതം അപേക്ഷിക്കണം. ഫോൺ 8547005029, 9495069307, 04923241766



# ഐ.എസ്.എൽ: അധിക സർവ്വീസ് ഒരുക്കി കൊച്ചി മെട്രോ

- 10 മണിക്ക് ശേഷം ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ്
- മടക്കയാത്രക്കുള്ള ടിക്കറ്റ് മുൻകൂട്ടി വാങ്ങാം
- ഗതാഗതക്കുരുക്കൊഴിവാക്കാൻ മെട്രോ ഉപയോഗിക്കാം

**കൊച്ചി:** ഐ.എസ്.എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിന്റെ ഭാഗമായി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഇന്നു നടക്കുന്ന കേരള ബ്ലാസ്റ്റേഴ്സ്–ഹൈദ്രാബാദ് മൽസരത്തിനോടനുബന്ധിച്ച് ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് കൊച്ചി മെട്രോ അധിക സർവ്വീസ് ഒരുക്കുന്നു. ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവ ഭാഗത്തേക്കും എസ്എൻ ജംഗ്ഷനിലേക്കുമുള്ള അവസാന ട്രെയിൻ സർവ്വീസ് 11.30ന് ആയിരിക്കും. രാത്രി പത്ത് മണി മുതൽ ടിക്കറ്റ് നിരക്കിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുന്നതാണ്. മത്സരം കാണുന്നതിനായി മെട്രോയിൽ വരുന്നവർക്ക് മത്സരശേഷം തിരികെ യാത്ര ചെയ്യുന്നതിനായുള്ള ടിക്കറ്റ് ആദ്യം തന്നെ വാങ്ങാൻ സാധിക്കും. ടിക്കറ്റ് വാങ്ങുന്നതിനായുള്ള ക്യൂ ഒഴിവാക്കാൻ ഇതുവഴി സാധിക്കും. മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് എത്തുന്നവർക്ക് റോഡ് മുറിച്ച് കടക്കാതെ മെട്രോ സ്റ്റേഷന് അകത്ത് നിന്ന് തന്നെ സ്റ്റേഡിയം ഭാഗത്തേക്ക് പ്രവേശിക്കാവുന്നതാണ്. പൊതുജനങ്ങൾക്കും മത്സരം കണ്ട് മടങ്ങുന്ന ഫുട്ബോൾ ആരാധകർക്കും മെട്രോ സർവ്വീസ് പ്രയോജനപ്പെടുത്താം. തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രത്യേക ക്രമീകരണങ്ങൾ സ്റ്റേഷനിൽ ഒരുക്കിയിട്ടുണ്ട്. നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ കൊച്ചി മെട്രോ സ്റ്റേഷനുകളിലെ പേ ആൻഡ് പാർക്ക് സൌകര്യം ഉപയോഗിക്കാവുന്നതാണ്. തൃശൂർ, മലപ്പുറം ഭാഗത്ത് നിന്ന് വരുന്നവർക്ക് ആലുവ മെട്രോ സ്റ്റേഷനിലെ പാർക്കിംഗ് സ്ഥലത്ത് ബസ്സുകളും കാറുകളും പാർക്ക് ചെയ്ത ശേഷം മെട്രോയിൽ സ്റ്റേഡിയം ഭാഗത്തേക്ക് യാത്ര ചെയ്യാൻ സാധിക്കും. അൻപത് കാറുകളും 10 ബസ്സുകളും ഒരോ സമയം പാർക്ക് ചെയ്യാനുള്ള സൗകര്യമാണ് ആലുവ സ്റ്റേഷനിലുള്ളത്.

പറവൂർ, കൊടുങ്ങല്ലൂർ വഴി ദേശീയപാത 66ൽ എത്തുന്നവർക്ക് ഇടപ്പള്ളി മെട്രോ സ്റ്റേഷന് സമീപത്തെ പാർക്കിംഗിൽ വാഹനം പാർക്ക് ചെയ്ത് മെട്രോയിൽ ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിലേക്ക് യാത്ര ചെയ്യാനാകും. 15 ബസ്സുകളും 30 കാറുകളും ഇടപ്പള്ളിയിൽ പാർക്ക് ചെയ്യാം. ആലപ്പുഴ, തിരുവനന്തപുരം ഭാഗത്ത് നിന്ന് റോഡ് മാർഗ്ഗം വരുന്നവർക്ക് വൈറ്റിലയിൽ നിന്ന് കൊച്ചി മെട്രോയിൽ യാത്ര ചെയ്ത് സ്റ്റേഡിയത്തിലേക്കെത്താം. കോട്ടയം, ഇടുക്കി മേഖലയിൽ നിന്ന് വരുന്നവർക്ക് എസ്എൻ ജംഗ്ഷൻ, വടക്കേക്കോട്ട സ്റ്റേഷനുകളിൽ നിന്ന് മെട്രോ സേവനം ഉപയോഗിക്കാം.

# അന്താരാഷ്ട്ര സുസ്ഥിര ഗതാഗത ദിനം; വിവിധ പരിപാടികൾ ഒരുക്കി കൊച്ചി മെട്രോ

## യാത്രക്കാർക്ക് സമ്മാനങ്ങൾ നേടാൻ അവസരം

**കൊച്ചി:** ലോകമെമ്പാടും നവംബർ 26ന് അന്താരാഷ്ട്ര സുസ്ഥിര ഗതാഗത ദിനമായി ആചരിക്കുകയാണ്. സുസ്ഥിര ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് യാത്രക്കാർക്കും പൊതുജനങ്ങൾക്കുമായി വിവിധ മത്സരങ്ങൾ ഒരുക്കുകയാണ്. സെൽഫി മത്സരം, ലക്കി ഡ്രോ, ക്വിസ് മത്സരങ്ങളാണ് അന്നേ ദിവസം നടക്കുക.ഇലക്ട്രിക് വാഹനമുള്ളവരാണ് നിങ്ങളെങ്കിൽ കൊച്ചി മെട്രോ ഒരുക്കുന്ന ലക്കി ഡ്രോയിൽ നിങ്ങളാകാം വിജയി.

നറുക്കെടുപ്പിൽ പങ്കെടുക്കാൻ നിങ്ങളുടെ പേരും മൊബൈൽ നമ്പറും ഇലക്ട്രിക് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പറും മെട്രോ സ്റ്റേഷനുകളിലെ ടിക്കറ്റ് കൌണ്ടറിൽ നിന്ന് ലഭിക്കുന്ന ഫോമിൽ പൂരിപ്പിച്ച് അവിടെ സ്ഥാപിച്ചിരിക്കുന്ന ലക്കി ഡ്രോ ബോക്സുകളിൽ നിക്ഷേപിക്കുക. നറുക്കെടുപ്പിൽ വിജയിക്കുന്ന മൂന്ന് ഭാഗ്യശാലികൾക്ക് ആകർഷകമായ സമ്മാനങ്ങൾ ലഭിക്കും. കൊച്ചി മെട്രോയിൽ സൈക്കിളുമായി യാത്ര ചെയ്യുന്ന നിങ്ങളുടെ ചിത്രം കെഎംആർഎല്ലിന്റെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പേജുകൾ എന്നിവയിൽ നൽകിയിരിക്കുന്ന ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് പോസ്റ്റ് ചെയ്യുന്നത് വഴി സെൽഫി മത്സരത്തിൽ പങ്കെടുക്കാം.അന്താരാഷ്ട്ര സുസ്ഥിര ഗതാഗത ദിനമായ ഞായറാഴ്ച കൊച്ചി മെട്രോയിൽ യാത്ര ചെയ്യുന്നവർക്കും കൈനിറയെ സമ്മാനങ്ങൾ നേടാൻ അവസരമുണ്ട്. കൊച്ചി മെട്രോയും എഥർ ഓട്ടോസ്റ്റാർക്ക് എനർജിയുമായി ചേർന്ന് നടത്തുന്ന ക്വിസ് മത്സരത്തിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടാം.

# ഡെങ്കിയ്ക്കെതിരെ ഒരുമിയ്ക്കാം: ആരോഗ്യവകുപ്പിന്റെ പ്രത്യേക ക്യാമ്പയിൻ

**തിരുവനന്തപുരം:** ജില്ലയിൽ ഡെങ്കിപ്പനി പടരുന്ന സാഹചര്യം ഒഴിവാക്കാനും ഊർജ്ജിത ഉറവിട നശീകരണത്തിനും ബോധവൽക്കരണത്തിനുമായി ഡെങ്കിയ്ക്കെതിരെ ഒരുമിയ്ക്കാം എന്ന ക്യാമ്പയിനുമായി ആരോഗ്യവകുപ്പ്. മഴ ഇടവിട്ട് പെയ്യുന്നതിനാൽ ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകാനുള്ള സാദ്ധ്യത കൂടുതലാണ്. വെള്ളം കെട്ടിനിന്ന് ഈഡിസ് കൊതുക് പെരുകാനുള്ള സാഹചര്യം ഇല്ലാതാക്കുകയാണ് ഡെങ്കിപ്പനി പ്രതിരോധിക്കാൻ ഏറ്റവും ഫലപ്രദമായ മാർഗം .

ക്യാമ്പയിന്റെ ഭാഗമായി ഇന്ന് (നവംബർ 24) വിദ്യാഭ്യാസസ്ഥാപനങ്ങളിലും നാളെ തൊഴിലിടങ്ങളിലും നവംബർ 26ന് വീടുകളിലും ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തി ക്യാമ്പയിൻ വിജയിപ്പിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അഭ്യർത്ഥിച്ചു. നവംബർ 27 മുതലുള്ള ദിവസങ്ങളിൽ ആരോഗ്യ പ്രവർത്തകർ ഡ്രൈ ഡേ ആചരണം വിലയിരുത്തുന്നതും ജില്ലാതലത്തിൽ റിപ്പോർട്ട് ചെയ്യുന്നതുമാണ്. കൊതുക് വളരാനുള്ള സാഹചര്യം സൃഷ്ടിക്കുന്നത് പൊതുജനാരോഗ്യ നിയമ പ്രകാരം ശിക്ഷാർഹമാണ്. കെട്ടിട നിർമ്മാണ മേഖലകളിൽ കൊതുകിന്റെ സാന്ദ്രത വളരെ കൂടുതലാണെന്നും അധികൃതർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും അറിയിപ്പിൽ പറയുന്നു.

# പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ ഒഴിവുകൾ

**തിരുവനന്തപുരം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, ശമ്പള സ്കെയിൽ എന്നിവ വിശദമാക്കിക്കൊണ്ടുള്ള വിജ്ഞാപനം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവീസിലോ സ്വയം ഭരണ സ്ഥാപനങ്ങളിലോ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടികാഴ്ച നടത്തിയശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനു നടപടികൾ സ്വീകരിക്കും. താൽപര്യമുള്ള ജീവനക്കാർ കെ.എസ്.ആർ144 അനുസരിച്ചുള്ള പ്രഫോർമയും ബയോഡാറ്റയും വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന ഡിസംബർ അഞ്ചിനു പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില), തമ്പാനൂർ, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കണം.

# ഗ്രോത്ത് പൾസ് പരിശീലന പരിപാടി

**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് അഞ്ച് ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 19 മുതൽ 23 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവർത്തി പരിചയമുള്ള സംരംഭകർക്ക് പങ്കെടുക്കാം.

3500 രൂപയാണ് ഫീസ്. താമസം ആവശ്യമില്ലാത്തവർക്ക് 1500 രൂപയാണ് ഫീസ്. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2000 രൂപ താമസം ഉൾപ്പെടെയും 1000 രൂപ താമസം കൂടാതെയുമാണ് ഫീസ്. ൦൦൦.സശലറ.ശിളീ ൽ ഡിസംബർ 15നകം അപേക്ഷിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. ഫോൺ: 0484 2532890, 2550322, 7012376994.

# സിവിൽ സർവീസ് ടൂർണ്ണമെന്റ്: സെലക്ഷൻ ട്രയൽസ്

**ആലപ്പുഴ:** ദേശീയ സിവിൽ സർവീസ് ടൂർണ്ണമെന്റിൽ പങ്കെടുക്കേണ്ട സംസ്ഥാന നീന്തൽ, പവർലിഫ്റ്റിംഗ് ടീമുകളുടെ സെലക്ഷൻ ട്രയൽസ് ആലപ്പുഴയിൽ നടത്തുന്നു. ആലപ്പുഴ ലൈറ്റ് ഹൗസിന് സമീപമുള്ള രാജാ കേശവദാസ് സ്വിമ്മിംഗ് പൂളിലാണ് ട്രയൽസ്.

നവംബർ 29ന് നീന്തൽ, ഡിസംബർ രണ്ടിന് കളക്ടറേറ്റിന് കിഴക്കു വശത്തുള്ള ആലപ്പി ജിമ്മിൽ വച്ച് പവർലിഫ്റ്റിംഗ് സെലക്ഷൻ ട്രയൽസ് എന്നിവ നടക്കും. താത്പര്യമുള്ളവർ അന്നേ ദിവസം രാവിലെ ഒൻപതിന് എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തണം. ജില്ല മത്സരത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്കും മേലധികാരിയുടെ സാക്ഷ്യപത്രവുമായി സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാമെന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി അറിയിച്ചു. ഫോൺ: 0477 2253090

# ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ യാഥാർത്ഥ്യത്തിലേക്ക്: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ യാഥാർത്ഥ്യത്തിലേക്കെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഇതിനായി ആരോഗ്യ വകുപ്പ് മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരുന്നു. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് മാർഗനിർദേശ പ്രകാരം 10 ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്ന ആശുപത്രികളേയാണ് ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളായി പ്രഖ്യാപിക്കുന്നത്. എല്ലാ ആശുപത്രികളേയും സമയബന്ധിതമായി സ്മാർട്ട് ആശുപത്രികളാക്കാനാണ് ലക്ഷ്യമിടുന്നത്. കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറി. കക്കോടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോ. ദിവ്യയേയും മറ്റ് ടീം അംഗങ്ങളേയും ജില്ലാ എ.എം.ആർ. കമ്മിറ്റിയേയും മന്ത്രി അഭിനന്ദിച്ചു.

മനുഷ്യരിലെയും മൃഗങ്ങളിലെയും രോഗങ്ങൾ മരുന്നുകൊണ്ട് ചികിത്സിച്ചു മാറ്റാൻ കഴിയാത്ത ഒരു സാഹചര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. പക്ഷേ ശ്രദ്ധിച്ചില്ലെങ്കിൽ ലോകം അങ്ങനെയൊരു അവസ്ഥയിൽ എത്തപ്പെടാം. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് അഥവാ രോഗത്തിന് കാരണമാകുന്ന, പ്രത്യേകിച്ച് ബാക്ടീരിയ മരുന്നുകളോട് പ്രതിരോധം തീർക്കുന്ന അവസ്ഥ ആഗോള ആരോഗ്യ ഭീഷണിയാണ്. ആന്റിബയോട്ടിക്കുകളുടെ അമിതവും അനാവശ്യവുമായ ഉപയോഗം തടയുന്നതിന് സംസ്ഥാന സർക്കാർ ശാസ്ത്രീയമായ കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക് സാക്ഷര കേരളം എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതിനായി രാജ്യത്ത് ആദ്യമായി ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിനും എഎംആർ കമ്മിറ്റികൾ രൂപീകരിച്ചു. ആന്റിബയോട്ടിക് സാക്ഷര കേരളം, സ്മാർട്ട് ഹോസ്പിറ്റൽ എന്നിവ നമ്മുടെ കേരളത്തിന്റെ മാത്രം ആശയങ്ങളാണ്. ഇത് പ്രാവർത്തികമാക്കുന്നതിന് ഒട്ടേറെ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്.

കേരള എഎംആർ സർവെലൻസ് നെറ്റുവർക്കിൽ ഒട്ടേറെ ആശുപത്രികൾ ചേർന്നു കഴിഞ്ഞു. ഇതിൽ നിന്നും മാറി നിൽക്കുന്ന ചില ആശുപത്രികളുമുണ്ട്. അവയെ സർവെലൻസ് നെറ്റുവർക്കിന്റെ ഭാഗമാക്കാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. 2023 ഓഗസ്റ്റ് മാസത്തിലാണ് ബ്ലോക്ക്തല എഎംആർ കമ്മിറ്റികളുടെ മാർഗനിർദേശങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയത്. ഒരാഴ്ച നീണ്ട ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ബോധവൽക്കരണതിതന്റെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നു വരുന്നത്.

# ജലശക്തി അഭിയാൻ :കേന്ദ്രസംഘം സന്ദർശനം നടത്തി

**തിരുവനന്തപുരം:** ജലശക്തി അഭിയാൻപദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കേന്ദ്രസംഘം സന്ദർശനം നടത്തി. കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജലശക്തി കേന്ദ്രത്തിലെത്തിയ സംഘം ജില്ലാതല ഉദ്യോഗസ്ഥരുമായി സംവദിച്ചു.

പെട്രോളിയം പ്ലാനിങ് ആൻഡ് അനലിസിസ് സെൽ ഡയറക്ടർ ജനറൽ പി.മനോജ് കുമാർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡിലെ ശാസ്ത്രജ്ഞനായ ഡോ.ആദിത്യ ശർമ്മ എന്നിവരാണ് സംഘത്തിൽ ഉണ്ടായിരുന്നത്. അതിയന്നൂർ ഗ്രാമപഞ്ചായത്തിൽ അമൃത് സരോവർ പദ്ധതിയുടെ ഭാഗമായി നവീകരിച്ച ചിറക്കുളം, കുന്നത്തുകാൽ പഞ്ചായത്തിലെ ഉണ്ടകോട് കുളം എന്നിവ സംഘം സന്ദർശിച്ചു. പെരുങ്കടവിള ഗ്രാമ പഞ്ചായത്തിൽ സംയോജന മാതൃകയിൽ നടപ്പിലാക്കിയ തെളിനീർ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയ സംഘം, നീർത്തട പദ്ധതികളിലൂടെ ശാസ്തീയാടിസ്ഥാനത്തിൽ നടത്തുന്ന മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു.

നഗരൂർ ഗ്രാമപഞ്ചായത്തിൽ നവകേരള മിഷൻ നടത്തിയ ജലസദസിൽ സംഘം പങ്കെടുത്തു. തൊഴിലുറപ്പ് പദ്ധതിയിലൂടെ മഴവെള്ള ശേഖരണ പ്രവർത്തികൾക്ക് ഊന്നൽ നൽകുന്നതും സ്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ഭൂജല വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും മാതൃകാപരമാണെന്ന് അഭിപ്രായപ്പെട്ടു. വിതുര ഗ്രാമപഞ്ചായത്തിൽ തുടക്കമിട്ട നീർത്തട പദ്ധതികളും, സ്പ്രിംഗ്ഷെഡ് പ്രവർത്തനങ്ങളും സംഘം വിലയിരുത്തി.

തുടർന്ന് ജില്ലാ കളക്ടർ ജെറോമിക് ജോർജിന്റെ ചേമ്പറിൽ നടന്ന യോഗത്തിൽ ഭൂജല വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി,ജലസേചന വകുപ്പ്, നവകേരള മിഷൻ, ശുചിത്വ മിഷൻ,മലിനീകരണ നിയന്ത്രണ ബോർഡ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയ വകുപ്പ് മേധാവികളുമായി ആശയവിനിമയം നടത്തി. ജില്ലാ ഭരണ കൂടത്തിന്റെ നേതൃത്വത്തിൽ സർക്കാർ കോളേജുകളിൽ ആരംഭിച്ച നീരുറവ ജല ക്ലബിന്റെ പ്രവർത്തനം വേറിട്ടതും മാതൃകാപരവുമാണെന്ന് സംഘം അഭിപ്രായപ്പെട്ടു.

# സൂക്ഷ്മാണുക്കൾ മരുന്നുകൾക്കെതിരെ പ്രതിരോധം ആർജ്ജിക്കുന്നത് ഗൗരവതരം : ഡോ: പി എൻ വിദ്യാധരൻ



**കോട്ടയം:** സൂക്ഷ്മാണുക്കൾ മരുന്നുകൾക്കെതിരെ പ്രതിരോധം ആർജ്ജിച്ച് സൂപ്പർബഗ്ഗുകൾ സൃഷ്ടിക്കപ്പെടുന്നത് ഗൗരവതരമായ പൊതുജനാരോഗ്യ പ്രശ്നമാണെന്ന് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ പി എൻ വിദ്യാധരൻ പറഞ്ഞു. ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് ബോധവത്കരണ വാരത്തിന്റെ ജില്ലാതല ഉദ്ഘാടനകർമ്മം ബി സി എം കോളേജിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾ ആന്റിബയോട്ടിക് സാക്ഷരത നേടേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം സൂചിപ്പിച്ചു. എല്ലാ രോഗങ്ങൾക്കും ആന്റിബയോട്ടിക്കുകൾ ഫലപ്രദമാണെന്നത് മിഥ്യാധാരണയാണ്. യഥാർത്ഥത്തിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങളിൽ 90 ശതമാനവും വൈറസ് മൂലമുണ്ടാകുന്നവയാണ്. വൈറസ് രോഗങ്ങൾക്കെതിരെ ആന്റിബയോട്ടിക്കുകൾ ഒട്ടും ഫലപ്രദമല്ല. ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ ആന്റിബയോട്ടിക്കുകൾ വാങ്ങിക്കഴിക്കുന്ന പ്രവണത ഒഴിവാവാക്കപ്പെടേണ്ടതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആരോഗ്യ കേരളം ജില്ല പ്രോഗ്രാം മാനേജർ ഡോ. അജയ് മോഹന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആരോഗ്യ വകുപ്പ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ വിഷയാവതരണം നടത്തി. ഇന്ത്യ നെറ്റ്‌വർക്ക് ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് സെക്രട്ടറി ജനറൽ ഡോ. ഐപ്പ് വർഗീസ് മുഖ്യ സന്ദേശവും കോട്ടയം ജനറൽ ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. ലിഡിയ ആരോഗ്യ സെമിനാറും നയിച്ചു. ആരോഗ്യ കേരളം കൺസൽട്ടന്റ് സി.ആർ. വിനീഷ് , ക്യാപ്സ് കോട്ടയം സെക്രട്ടറി ഡോ. ജെയിംസ് ഫിലിപ്പ് ആലപ്പാട്ട് എന്നിവർ ആരോഗ്യ സംരക്ഷണ സന്ദേശം നല്കി.

ജില്ല ആരോഗ്യ വിഭാഗത്തിന്റെയും, ആരോഗ്യ കേരളത്തിന്റെയും കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സിന്റെയും ബി സി എം കോളേജ് സോഷ്യൽ വർക്ക് വിഭാഗത്തിന്റെയും കോട്ടയം ഗവണ്മെന്റ് നഴ്സിംഗ് കോളേജിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന ജില്ലാതല അവബോധ പ്രവർത്തനങ്ങളിൽ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ, നഴ്സിംഗ് വിദ്യാർത്ഥികൾ, പ്രാക്ടീഷനേഴ്സ് എന്നിവർ പങ്കെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com